LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പിലെ പി.എ. തസ്തിക പുനർനാമകരണം

64 (7031) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ ജില്ലാവിദ്യാഭ്യാസ ഓഫീസറുടെ പി.എ. തസ്തിക പുനർനാമകരണം ചെയ്യുന്നതിന് ആരെങ്കിലും നിവേദനം നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത തസ്തിക ഏത് പേരിൽ പുനർനാമകരണം ചെയ്യണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത് ;

(സി) പ്രസ്തുത നിവേദനം പരിഗണിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നൽകിയിട്ടുണ്ട്.

(ബി) ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

(സി) നിവേദനം പരിശോധിച്ചുവരികയാണ്.

സ്കൂളുകളിലെ തസ്തികനിർണ്ണയം

65 (7032) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ഐ.ഡി. കംപ്ലീറ്റ് ആയിട്ടും തസ്തിക നിർണ്ണയം നടത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പല സ്കൂളുകളിലെ തസ്തിക അധികമാണെന്നും ചില സ്കൂളുകളിൽ കുറവാണെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) യു.ഐ.ഡി. പൂർത്തിയായതിനെ തുടർന്ന് 29-11-2013-ലെ സർക്കാർ ഉത്തരവ് നം.313/13/പൊവിവ നം. ഉത്തരവുപ്രകാരം 2013-14-ലെ തസ്തിക നിർണ്ണയം നടത്തുവാൻ ഉത്തരവായിരുന്നെങ്കിലും ഇതിനെതിരെ നിരവധി കേസുകൾ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്യുകയും നിരവധി കോർപ്പറേറ്റ് /വ്യക്തിഗത മാനേജുമെന്റ് സ്കൂളുകൾ സ്റ്റേ ഉത്തരവ് നേടുകയും ചെയ്തതിനാൽ ഇത് പൂർത്തിയാക്കുവാൻ സാധിച്ചിരുന്നില്ല. ആയതിനാൽ ഇതിന് പല ഭേദഗതികൾ നിർദ്ദേശിച്ച് 4-7-2014-ലെ സ.ഉ.(പി)നം. 124/14/പൊ.വിവ ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത ഉത്തരവിനനുസരിച്ച് 2014-15-ലെ തസ്തികനിർണ്ണയം 2014 ജൂലൈ 15-നുമുമ്പ് പൂർത്തിയാക്കണമെന്ന് നിർദ്ദേശവും നൽകിയിട്ടുണ്ട്.